(4) നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ നിന്നും ഹജ്ജ് തീർത്ഥാടകർക്ക് ഹജ്ജ് യാത്ര നടത്തുവാൻ വേണ്ട സംവിധാനം

ശ്രീ. എം. മുരളി : സർ, നെടുമ്പാശ്ശേരി വിമാനത്താവളം സ്ഥാപിതമായതിനുശേഷം തൃശ്ശൂരിന് ഇപ്പുറത്തുള്ള എട്ട് ജില്ലകളിലെ ഹജ്ജ് തീർത്ഥാടകർ ഹജ്ജ് യാത്ര നടത്തിയിരുന്നത് നെടുമ്പാശ്ശേരിയിൽ നിന്നാണ്. ഇപ്പോൾ നെടുമ്പാശ്ശേരിയിൽ നിന്നും ഹജ്ജ് തീർത്ഥാടനം നടത്താനുള്ള സൗകര്യം ഇല്ലാതായിരിക്കുന്നു. എല്ലാവരും കോഴിക്കോട് വിമാനത്താവളത്തിലോ, കരിപ്പൂർ വിമാനത്താവളത്തിലോ പോയി ഹജ്ജ് യാത്ര നടത്തേണ്ട സാഹചര്യമാണ്. തിരു-കൊച്ചി പ്രദേശത്തെ എട്ട് ജില്ലകളിലെ ഹജ്ജ് യാത്രക്കാർക്ക് വീണ്ടും നെടുമ്പാശ്ശേരിയിൽ നിന്നും ഹജ്ജ് തീർത്ഥാടനം നടത്താനുള്ള സൗകര്യം അടിയന്തിരമായി ഏർപ്പെടുത്താൻ ഗവൺമെന്റ് നടപടി സ്വീകരിക്കണം.

10 A.M]

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കു വേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) : സർ, തെക്കൻ ജില്ലകളിലെ പ്രശ്നം ഉന്നയിച്ചുകൊണ്ടാണ് ബഹുമാനപ്പെട്ട മുരളി സബ്മിഷൻ അവതരിപ്പിച്ചിട്ടുള്ളത്. 2002 മുതൽ കാലിക്കട്ട് എയർപോർട്ടിനെയാണ് ഹജ്ജ് embarkation point ആയി കേന്ദ്ര ഗവൺമെന്റും വിദേശകാര്യ വകുപ്പും അംഗീകരിച്ചിട്ടുള്ളത്. തിരുവനന്തപുരം മുതൽ തൃശ്ശൂർ വരെയുള്ള ജില്ലകളിൽ നിന്നുള്ള ഹജ്ജ് തീർത്ഥാടകരുടെ ആവശ്യത്തിന് നെടുമ്പാശ്ശേരി embarkation point ആക്കണമെന്ന ബഹുമാനപ്പെട്ട മെമ്പറുടെ ആവശ്യം പൊതുവികാരം മാനിച്ചുകൊണ്ടാണ് അക്കാര്യത്തിൽ കേന്ദ്ര ഹജ്ജ് കമ്മിറ്റിയുടെയും അതുപോലെ തന്നെ സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെയും അനുമതിക്ക് വിധേയമായി അത് ടേക്ക് അപ് ചെയ്യാവുന്നതാണ്. അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തും, ആവശ്യമായ തീരുമാനം അവിടെനിന്ന് വന്നാൽ നടപ്പാക്കും.

(5) ആലത്തൂർ നിയോജകമണ്ഡലത്തിലെ മംഗലം ഡാം പ്രദേശം ടൂറിസ്റ്റ് കേന്ദ്രമാക്കാൻ നടപടി

ശ്രീ. വി. ചെന്താമരാക്ഷൻ : സർ, ആലത്തൂർ മണ്ഡലത്തിൽപ്പെട്ട മംഗലം ഡാമിനോടനുബന്ധിച്ച ഉദ്യാനം മെച്ചപ്പെടുത്തിയെടുത്താൽ വലിയ ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കി ഉപയോഗപ്പെടുത്താൻ കഴിയും. അതിനാവശ്യമായിട്ടുള്ള വളരെ വിപുലമായിട്ടുള്ള സാദ്ധ്യതകളാണ് ഡാം പരിസരവുമായി ബന്ധപ്പെടുത്തി നിലനിൽക്കുന്ന പ്രദേശത്തുള്ളത്. അതോടൊപ്പം കുഞ്ചാർപതി എന്ന ഒരു സ്ഥലം അതിന് തൊട്ടുമുകളിലായി ആ പ്രദേശത്തുണ്ട്. മിനി ഊട്ടി എന്നാണ് ഈ പ്രദേശത്തെ വിശേഷിപ്പിക്കുന്നത്. ഏതാണ്ട് ഊട്ടിക്ക് സമാനമായ പ്രകൃതി സാഹചര്യമാണ് ഈ മേഖലയിലുള്ളത്. ഈ രണ്ടു മേഖലകളെയും കൂട്ടിയോജിപ്പിച്ചുകൊണ്ട് ടൂറിസ്റ്റ് കേന്ദ്രമാക്കി മംഗലം ഡാമിനെ വളർത്തിയെടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്) : സർ, പാലക്കാട് ആലത്തൂർ അസംബ്ലി മണ്ഡലത്തിൽപ്പെട്ട മംഗലം ഡാം ടൂറിസ്റ്റ് കേന്ദ്രമാക്കി വികസിപ്പിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ട്. ഈ ഡാമും പരിസരവും ജലസേചന വകുപ്പിന്റെ അധീനതയിലാണ്. ഇറിഗേഷൻ വകുപ്പ് ഡാം പരിസരത്തെ ടൂറിസം പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിന് പ്രസ്തുത വകുപ്പിന്റെ സമ്മതം അനിവാര്യമാണ്. പദ്ധതിയുടെ സാദ്ധ്യതാപഠനം നടത്താൻ പാലക്കാട് ഡി.ടി.പി.സി. യോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇറിഗേഷൻ വകുപ്പിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഇവിടെ സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തോടുകൂടി ഒരു പദ്ധതി നടപ്പിലാക്കുന്ന കാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിലുണ്ട്.

(6) വടക്കാഞ്ചേരി താലൂക്കാശുപത്രിയിൽ ഡോക്ടർമാരുടെ ഒഴിവുകൾ നികത്താൻ നടപടി

ശ്രീ. വി. ബാലറാം : സർ, വടക്കാഞ്ചേരി താലൂക്ക് ആശുപത്രി മലയോരപ്രദേശവും ഭൂചലന മേഖലയുമൊക്കെയാണ്. താലൂക്കാസ്ഥാനവുമാണ്. 300-ഓളം രോഗികളാണ് ദിവസേന ആ ആശുപത്രിയിൽ എത്തുന്നത്. ഉച്ചയ്ക്കുശേഷം ഇപ്പോൾ ഒ.പി. വിഭാഗം പ്രവർത്തിക്കുന്നില്ല. നിർത്തിവച്ചിരിക്കുകയാണ്. ഗൈനക്കോളജിസ്റ്റും, ശിശുരോഗ വിദഗ്ദ്ധനും ഇല്ലാത്ത ഒരവസ്ഥയാണ്. 9 ഡോക്ടർമാരുടെ തസ്തികകളിൽ 5 പേർ മാത്രമാണ് ഇപ്പോൾ ഉള്ളത്. അതുകൊണ്ട് ഈ ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട ആരോഗ്യവകുപ്പ് മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) : സർ, വടക്കാഞ്ചേരി താലൂക്ക് ആശുപത്രിയിൽ മൂന്ന് സിവിൽ സർജന്റെയും, അഞ്ച് അസിസ്റ്റന്റ് സർജന്റെയും ഒരു ദന്തൽ സർജന്റെയും തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. ഇതിൽ ഒരു അസിസ്റ്റന്റ് സർജന്റെ ഒഴിവാണ് നിലവിലുള്ളത്. ഗൈനക്കോളജിസ്റ്റുമാരായ രണ്ടു ഡോക്ടർമാർ അവധിയിലാണ്. ആശുപത്രി പ്രവർത്തനം തടസ്സപ്പെടാതിരിക്കുന്നതിനായി കരാർ വ്യവസ്ഥയിൽ ഒരു ഡോക്ടറെയും, ചേലക്കര ഗവൺമെന്റ് ആശുപത്രിയിൽ നിന്ന് രണ്ട് ഡോക്ടർമാരെയും നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിൽ ഗൈനക്കോളജിസ്റ്റിന്റെ സേവനം ലഭ്യമാക്കുന്നതിനു വേണ്ട നിർദ്ദേശം തൃശ്ശൂർ ജില്ലാ മെഡിക്കൽ ഓഫീസർക്ക് നൽകിയിട്ടുണ്ട്. ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിൽ നിയമനം നടത്താൻ വളരെ പെട്ടെന്നുതന്നെ നടപടി സ്വീകരിക്കുന്നതാണ്.

(7) മോട്ടോർ വാഹന പണിമുടക്ക്

ശ്രീ. ടി.പി. രാമകൃഷ്ണൻ : സർ, ഭീമമായ ടാക്സ് വർദ്ധനവിനെതിരെ ഇന്നലെ അർദ്ധരാത്രി മുതൽ വിവിധ ട്രേഡ് യൂണിയൻ സംഘടനകളിൽപ്പെട്ട മോട്ടോർ വാഹന തൊഴിലാളികളും ഉടമകളും പണിമുടക്കിലാണ്. ലോറി, മിനി ലോറി, ടാക്സി, ഗുഡ്സ് ഓട്ടോറിക്ഷാ, ടെമ്പോ, ടൂറിസ്റ്റ് ബസ്, ടാങ്കർ ലോറി എന്നിവയെല്ലാം

LIBRARY ARCHIVES Kerala Legislative Assembly